
ഭദ്രകാളീ വിജയം.

ആട്ടക്കഥ.



792.095483

പന്നിശ്ശേരിൽ നാണു പിള്ള.

ഭദ്രകാളീവിജയം

ആട്ടക്കഥ.

പന്നിശ്ശേരിൽ നാണുപിള്ള.

N.K. Narayan

പകപ്പ്വകാശം
3807

സുവർണ്ണതാപ്രഭാ പ്രസ്സ്,
കായംകുളം.
1113.

ക്രൗൺ പതിപ്പ് കാപ്പി 500.

PG Library & Research Centre

വില ച. ന്യ.

☞ ഗ്രന്ഥകർത്താവിന്റെ അടയാളമില്ലാത്ത പ്രതി വ്യാജനിഷ്കിതമാകുന്നു.

792.095483

മുഖവുര.

നിഴൽക്കുത്തുപാട്ട് ഒരു കഥകളി പ്രബന്ധരൂപമായി കുറേ മുൻപു ഞാൻ പ്രസിദ്ധം ചെയ്തതിൽ സഹൃദയ ലോകത്തിനു്, വിശിഷ്യ ആട്ടപ്രിയന്മാക്കുണ്ടായ സവിശേഷ പ്രതിപത്തിയാണു്, മലയാളികളുടെ മറൊരു പഴയ പാട്ടായ തോറ്റമ്പാട്ടിനെക്കൂടി ഇപ്രകാരമൊരു നൃത്യപ്രബന്ധമാക്കിത്തീർക്കുവൻ എന്നെ പ്രേരിപ്പിച്ചതു്. തോറ്റമ്പാട്ടു്, മലയാളത്തിലുള്ള മിക്ക ഭദ്രകാളീക്ഷേത്രങ്ങളിലും ഉത്സവച്ചടങ്ങുകളോടു പാടിച്ചുവരുന്ന മതപരമായ ഒരു പ്രാചീനഗാന വിശേഷമായിരിക്കുന്ന സ്ഥിതിക്കു് ഇതിലെ ഇതിവൃത്തത്തെ അധികരിച്ചു് അധികമൊന്നും വിവരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഈ പാട്ടടിയന്തിരം പോലെ ഭഗവതിക്കു പ്രിയംകരമായി മറൊരു വഴിപാടില്ലെന്നു പരക്കെ വിശ്വസിച്ചു പോരുന്നു. തോറ്റമ്പാട്ടുംകൊള്ളുന്ന കഥ, കുറഞ്ഞൊന്നു ഭേദിച്ചിട്ടാണെങ്കിലും തമിഴിലെ ച്ചിലപ്പതികാര മെന്നപുരാതനഗ്രന്ഥത്തിൽ പ്രതിപാദിതമായിക്കാണുന്നതു്, ഇവിടത്തെ പൂവ്നിവാസികളായ കെട്ടുകഥാപ്രേമികളുടെ സങ്കല്പമാത്ര ജൃംഭിതമായിരിക്കാം ഈ "പഴമ്പാട്ടെ"ന്നു് വല്ലവരിലും അംകുരിക്കാവുന്ന ശംകയ്നിമ്മൂലമാക്കിച്ചെയ്യുന്നു. എന്നാൽ, അക്കൂട്ടരുടെ അപരിഷ്കൃത മനോധർമ്മ ചമ്മങ്ങൾ അങ്ങിങ്ങു പററിപ്പിടിച്ചു്, അനതിവിപുലമായും പ്രകാരാന്തരേണയും കാണപ്പെടുന്ന മൂലകഥാകായം വല്ലാതെ വീർത്തു വികൃതമായിട്ടില്ലെന്നും പറഞ്ഞുകൂടാ. ആവകത്തടിപ്പുകൾ പാടേ അതേപടി പ്രകൃതകൃതിയിൽ പ്രതിഫലിപ്പിക്കാൻ യത്നിച്ചിട്ടില്ല. തമിഴിലേ മൂലകഥയുടെ ഗതിയെചിലെടത്തു് അനുകരിച്ചിട്ടുമുണ്ടു്

തിട്ടക്കത്തിൽത്തീക്കേണ്ടി വന്ന നിഴൽക്കുത്തിനേ അപേക്ഷിച്ച് ഇതിന്റെ രചന ലളിതവും ഭംഗിയുമായിട്ടുണ്ടെന്നാണ് എന്റെ എളിയ വിശ്വാസം. കഥകളിയുടെ വേഗം സാങ്കേതികവശങ്ങളിൽ ഇതു് നിഴൽക്കുത്തുപോലെ അധികം ശ്രദ്ധിച്ചിട്ടില്ല. ഇന്നത്തെക്കാണികൾക്ക് ആ വശത്തോടുള്ള അരുചിയാണ് ഇതിനു കാരണം. നല്ലമട്ടിൽ മദ്ധ്യമകാലത്തിലുള്ള പാട്ടുകളും ചുവടുവെപ്പോട്ടപെട്ടപെട്ടെന്ന് കഴിയുന്ന ആട്ടവുമല്ലാതെ, പതിവിൽ വലിഞ്ഞിഴഞ്ഞു നീളുന്ന പദങ്ങളും ആ ലയത്തിനൊപ്പിച്ച് താനേ നിന്നു പല വട്ടങ്ങളിൽ കാട്ടി മുഴപ്പിക്കേണ്ട നൃത്യപ്രയോഗവിശേഷങ്ങളും മറവും ഇന്നത്തെ കാഴ്ചക്കാരെ ആകർഷിക്കുന്നില്ല; നേരേ മറിച്ച് മഷിപ്പിക്കുന്നുണ്ടുതാനും. കാണാൻ ആളില്ലാതെ തീന്തോട്ടുകൂടി അത്തരം ആട്ട പ്രകാരങ്ങൾ കഷ്ടപ്പെട്ടഭ്യസിച്ച് പ്രദർശിപ്പിക്കാനും പേരില്ലാതെ ആയിരിക്കുന്നു. ആ സ്ഥിതിക്ക്, മേൽപ്പറഞ്ഞനിഷ്കർഷയ്ക്കുറവ് ഒരു പോരായ്മയാകയില്ലല്ലൊ. എന്റെ മാന്യസ്നേഹിതൻ കവിതിലകൻ, മി. ഉള്ളൂർ ചെയ്തിട്ടുള്ള അന്യത്ര ചേർത്തിരിക്കുന്ന നിർദ്ദേശത്തെ അനുസ്മരിച്ച് പല മണിപ്രവാള പദ്യങ്ങളും ഇതിൽ അവിടവിടെ അവസരാനുഗുണം കലർത്തിയിട്ടുണ്ട്. ശ്ലോകം മുഴുക്കെ മലയാളത്തിലാക്കുന്നതു്, കഥകളി സാഹിത്യത്തിന്റെ സ്വതുപലക്ഷണത്തിനും ഗൗരവത്തിനും ഇണങ്ങുന്നതല്ലെന്നു തോന്നുകയാൽ അങ്ങനെ ചെയ്യാത്തതാണ്.

ഇതിന്റെ പ്രണയനത്തെ സംബന്ധിച്ച് ഇതിലധികമൊന്നും പ്രസ്താവിക്കാനില്ല. പുണ്യശ്ലോകന്മാരായ സഹൃദയാഗ്രണികളുടെ ദയൈകലുബ്ധതയിൽ വിശ്വസിച്ചു

ള്ള എന്റെ സാഹിത്യ പരിശ്രമത്തിന്റെ മറ്റൊരു ലഘു ഫലവും ഇതാ അവരുടെ മുമ്പാകെ കാഴ്ചവെക്കുന്നു. "ഗച്ഛ തഃസ്ഖലനം കാപിഭവത്യേവ പ്രമാദതഃ" എന്ന അഭി ജ്ഞാകൃതിയിൽ ദത്തശ്രദ്ധരായ അവർ ഇതിനെ ആസ്വ ദിച്ചനുഗ്രഹിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ കഥ ആടിക്ക ണ്ടിട്ട് എഴുത്തുമൂലവും നേരിട്ടും പുസ്തകത്തിനാവശ്യപ്പെട്ട മാന്യന്മാരോട് 12 വർഷകാലത്തോളം ഞാൻ കാണിച്ച അ മാന്തത്തെ അവർ സദയം ക്ഷമിക്കണമെന്നുപേക്ഷിക്കുന്നു. ഈ ഗ്രന്ഥം ആമൂലാഗ്രം അവധാന പൂർവം വായിച്ചു നോ ക്കി അമൂല്യമായ ഒരു അഭിപ്രായം രേഖപ്പെടുത്തിത്തന്ന പ ണ്ഡിതമൂർദ്ധന്യനായ കൃറേററർ ബ്രഹ്മശ്രീ സാംബശിവ ശാസ്ത്രി അവർകളോടു എനിക്കുള്ള അതിരറ്റ കൃതജ്ഞത ഇ വിടെ പ്രകടമാക്കിക്കൊള്ളുന്നു. ഇതിന്റെ പ്രൂഫ് പരിശോ ധനയ്ക്കു ശ്രമപ്പെട്ട മാന്യ വിദ്വത് സ്നേഹിതൻ ശ്രീമാൻ കെ. ആർ. കൃഷ്ണപിള്ള അവർകൾം ബി. എ. ബി. എൽ. നും, ഇതു വൃത്തിയായടിച്ചു തന്ന 'സുവർണ്ണ രത്ന പ്രഭാ മുദ്രണാധികൃതന്മാർക്കും നന്ദിപറയുന്നതിലേക്കും ഈ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.

ഗ്രന്ഥകർത്താ.

അഭിപ്രായം.

ശ്രീ

"ശ്രീഭദ്രകാളീവിജയം"നാമ നൃത്യനിബന്ധമിമമാപാദചൂഡം പര്യൈക്ഷിഷി. അസ്മിൻ അകൃത്രിമാഃ പ്രതിഭാപക്ത്രിമാഃ ഭ്രയാംസഃ ശബ്ദാർത്ഥഘടനാവൈചിത്ര്യവിശേഷാഃ സാദരമനുഭവായ സഹൃദാം സുഹൃദാം സജ്ജീകൃതാ ഇത്യനുഭവികോയം പരമാർത്ഥഃ. തത്തദ്ഗാനകേളീകുതുകിനാം സാഹിതീപ്രണയിനാമുഭയേഷാംചാവിരതാം രതിമുപനിപ്പയതോഽസ്യനിബന്ധസ്യ മന്യേ നചിരാദേവ പരമാപ്രതിഷ്ഠാ സംപത്സീഷ്ട. ശ്രീമാൻ പന്നിശ്ശേരിൽ നാരായണപിള്ളനാമധേയോയം കവിരേതാവതാ / വിരമന്നന്യാനപിനിബന്ധാനേതാദൃശഃ സരസാൻ വിരചയൻ സർവ്വജ്ഞകൃപയാ ചിരായുരേധതാമിതീതോ നാന്യദസ്യ്യുനാഽശാസനീയം.

ശുഭമസ്തു.

കെ. സാംബശിവശാസ്ത്രി (ഒപ്പു)

29—3—07.

തജ്ജമ.

'ഭദ്രകാളീവിജയ'മെന്ന ഈ ആട്ടക്കഥ ആകപ്പാടേ ഞാൻ പരിശോധിച്ചു. ഇതിൽ ആദരപൂർവ്വം സഹൃദയന്മാരായ സുഹൃത്തുക്കൾക്കു ആസ്വദിക്കാനായി നൈസർഗ്ഗികവും പ്രതിഭാപരിപാകവുമായ ഒട്ടുവളരെ ശബ്ദാർത്ഥഘടനാവൈചിത്ര്യവിശേഷങ്ങൾ സജ്ജീകരിച്ചിട്ടുണ്ടെന്നുള്ളതു് അനുഭവത്തിൽപ്പെടുന്ന ഒരു പരമാർത്ഥമാകുന്നു. സങ്ഗീതരസികന്മാരും സാഹിത്യപ്രണയികളുമായ ഏവർക്കും എപ്പോഴും രതി ഉല്പാദിപ്പിക്കുന്ന ഈ നിബന്ധത്തിനു താമസിയാതെതന്നെ പരമമായ പ്രതിഷ്ഠ സിദ്ധിക്കുമാറാകണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ശ്രീമാൻ പന്നിശ്ശേരിൽ നാരായണപിള്ള എന്ന ഈ കവി ഇത്രമാത്രംകൊണ്ടു വിരമിക്കാതെ ഇതുപോലെ സരസങ്ങളായ മറ്റുപ്രബന്ധങ്ങളും നിർമ്മിച്ചു സർവ്വജ്ഞന്റെ കരുണയാൽ ദീർഘായുസ്സായി വർദ്ധിക്കട്ടെ എന്നല്ലാതെ ഈ സന്ദർഭത്തിൽ വേറൊന്നും ആശംസനീയമായിട്ടില്ല.

കെ. സാംബശിവശാസ്ത്രി

നിഴൽക്കുത്തിനെക്കുറിച്ചുള്ള
അഭിപ്രായങ്ങൾ

"……ആടാനും പാടാനും ഇതുപോലെ നല്ലതായ ഒരു കഥകളി പ്രബന്ധം കാൽനൂറ്റാണ്ടിനിപ്പുറം കൈരളിക്കു കൈവന്നിട്ടില്ലെന്നു് സധൈര്യം പറയാം. ശ്രീനീലകണ്ഠതീർത്ഥപാദരുടെ പ്രധാന ശിഷ്യൻ ഒരു വലിയ പണ്ഡിതനാണെന്നു 'ചരിത്രസമുച്ചയ'ത്തിൽനിന്നും മറ്റും ഞാൻ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ടു്. എന്നാൽ, അദ്ദേഹത്തിനു് കവനനൃത്യകലകളിലും ഇത്രത്തോളം കൗശല്യമുണ്ടെന്നു് ഇപ്പോഴേ അറിയുന്നുള്ളൂ. നിഴൽക്കുത്തു പാട്ടു ഞാൻ കുട്ടിക്കാലത്തു് ഒരിക്കൽ വായിച്ചിട്ടുണ്ടു്. ആ പ്രാകൃതഗീതത്തിൽനിന്നു് ഇത്രയും സംസ്കൃതമായ ഒരു ദൃശ്യകാവ്യം വിരചിച്ച മനോധർമ്മത്തെ ആർ പ്രശംസിക്കുകയില്ല? മലയനേറയും ഭാഷയുടേയും 'പദ'ങ്ങളാണു് എന്റെ ഹൃദയത്തെ അധികം ആവർജ്ജിച്ചതു്. ഇതിൽനിന്നു് മറവഭാഗങ്ങൾ മനോജ്ഞങ്ങളല്ലെന്നു ഞാൻ അഭിപ്രായപ്പെട്ടതായി ധരിച്ചുപോകരുതേ! പുസ്തകം അയച്ചുതന്നതിനു നന്ദിപറയുന്നു……"

—മഹാകവി, വള്ളത്തോൾ

"നിങ്ങൾ അയച്ച നിഴൽക്കുത്തു് എന്ന ആട്ടക്കഥ സാവധാനം മൂന്നാലു തവണവായിച്ചു. തദവസരങ്ങളിൽ പലപ്പോഴും കോട്ടയം കഥകളിലേ പല ഭാഗങ്ങളും എന്നെ ഒന്മിപ്പിക്കാതിരുന്നില്ല. നിങ്ങളുടെ സംസ്കൃതത്തിലും മലയാളത്തിലും ഉള്ള വ്യുല്പത്തിയേയും കവിതാവാസനയേയും ഞാൻ വളരെ അഭിനന്ദിച്ചുകൊള്ളുന്നു……"

—~~കൊടുങ്ങ~~ നടുവത്തു മഹൻനമ്പൂതിരി

'……ഞാൻ ആ ഗ്രന്ഥം ഒരിക്കൽ വായിച്ചു. പല ശ്ലോകങ്ങളും പദങ്ങളും ഹൃദയങ്ഗമമായിത്തോന്നി. ഇനി ആട്ടക്കഥകളിൽ ശ്ലോകങ്ങൾ മോഷ്യലായാൽ മതിയാകുമെന്നാണു് എന്റെ പക്ഷം.'

—കവിതിലകൻ, ഇളളൂർ.

'.....ആട്ടക്കഥ ആദ്യന്തം ഞാൻ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി. അക്ഷരാനഭിജ്ഞന്മാരായ ഒരു വർഗ്ഗക്കാർക്ക് 'ഓതാൻ' മാത്രം ഉപയോഗപ്പെട്ട കിടന്ന ഭക്തിരസപ്രധാനമായ ഒരു കഥയേ എടുത്തു് ഇങ്ങനെ യുക്തിപൂർവ്വം മോടിപിടിപ്പിച്ചു് നല്ല ഒരു ദൃശ്യകാവ്യമാക്കിത്തീർത്തിരിക്കുന്ന അങ്ങയേ ഭാഷാഭിമാനികൾ ഏതുകാലത്തും പ്രശംസിക്കുന്നതായിരിക്കും. മ്ലാനീഭൂതേ,ത്യാദിപദ്യവും അതിനോടടുത്ത ശൃങ്ഗാരപ്പദ്യവും അങ്ങയുടെ പ്രൌഢപാണ്ഡിത്യത്തെ സ്പുടീകരിക്കുന്നു. ആ പദ്യത്തിലെ 'പ്രോവാദ' എന്നക്രിയ എന്നെ ഒന്നു 'പിടിച്ചുനിർത്തി'. അതു് അറിയിച്ചതനാൽ ഉപകാരം. 'അകലെയൊരുകാളിമയെത്തു്' ഇത്യാദിയായ സുശ്ലിഷ്ടപദാവലിയുടെ ചിന്തയിൽ ഭയാനകരസം ഭംഗിയായി പ്രവഹിക്കുന്നുണ്ടു്. 'ഗ്രന്ഥകർത്താവിനെ' എന്ന ഭാഗവും എന്നെ ഹഠാൽ പിടിച്ചുനിർത്തി. അതിനും ഭവദ്ഗ്രന്ഥകർത്തൃത്വം ശരണ്യമത്രേ. 'അരുതു ചെയ്തീടരുതേവമടിയനോടുമയോരേ' ഇത്യാദിയായിട്ടു മാന്ത്രികൻ സ്വന്തഭാഷയിൽ അപക്ഷപാതമായ സ്വാമിഭക്തിയേ പുരസ്കരിച്ചു് പറഞ്ഞിട്ടുള്ള മനോഹരമായ ജ്ഞാനോപദേശം അല്പമകൃതഹൃദയനായ ദുർബ്ബോധനു നല്ലാതെ മറ്റൊരാൾക്കു് 'നന്ദികെട്ടവാക്കുകൾ' ആയിട്ടു കണ്ണിൽപ്പതിക്കുമോ? 'രാട്ടിൻ കല്പനയെന്നിവിടാരോ' എന്നു തുടങ്ങി 'കണ്ടകകർമ്മം കാട്ടിയതിന്നു്' എന്നവരെയുള്ള 'മലയത്തി'യുടെ ധൃഷ്ടതയോടുകൂടിയ വാക്കുകൾ നവീന രാഷ്ട്രീയവാദികൾ പ്രത്യേകം പഠിച്ചറിയേണ്ടുന്നവയാണു്. 'ആഹാവിധി' എന്നുതുടങ്ങുന്ന പൃഥാദേവിയുടെ വിലാപം സചേതസ്സായ ആരേയാണു് ആകർഷിക്കാത്തതു്?

കിംബഹുനാ, ഈ ആട്ടക്കഥ ഒന്നാംതരമായിരിക്കുന്നു.....'

സരസകവി, മൂലൂർ എസ്സ്. പി. പണിക്കർവർകൾ.

വന്ദനശ്ലോകങ്ങൾ.

ശ്രീരാഗാലംബനീലാംബുദരുചിരതനോഃ
പ്രാണദാത്രീ സവിത്രീ
ലോകാനാം ബാലകാഖ്യപ്രണയിനയനയോ-
ശ്ചന്ദ്രികാമോഹനാങ്ഗീ
കല്യാണീ പാദപാഥോരുഹഭജനപരാ-
ധീനസന്മാനസാനാം
ഭ്രയാദ് ഭ്രയിഷ്ടഭ്രത്യൈ ഖലദനുജനൃഷാം-
ഭൈരവീ ഭൈരവീനഃ. 1

'ശ്രീനീലഗ്രീവ,നാരായണഗുരു' വരസം-
ഭ്രതിഹേതും പ്രഭ്രത-
പ്രേമജ്ഞാനൈകധാമ ശ്രുതിശതബഹ്വ-
ഭാഷ്യാദിനോന്മീലിതാഭം
നിർവ്വാണൈകാന്തനിഷ്ഠാനിരതനിയമി-
നീരാജിതം നിത്യശുദ്ധം
തോഷ്ടൃയേ 'ബാലഭട്ടാരക'പര സുഖ-
സദ്മസ് തു സർവ്വാത്മസിദ്ധ്യൈ. 2

ബ്രഹ്മാസ്യാദസുധാമൃതാബ്ധിലഹരീ-
നിമ്മഗ്നചിത്താംബുജം
നിർമ്മായാമിതഭക്തിയുക്തജനതാ-
സംമോഹഭാരാപഹം
രമ്യാനേകനിബന്ധരത്നരചനാ-
കർമ്മപ്രതിഷ്ഠാഭിധം
ബ്രഹ്മശ്രീശിതികണ്ഠതീർത്ഥയതി-
മാലംബേ ഗുരും മാമകം. 3

നാലാസ്യൻ,വ്യാസർ,വല്മീകജമുനിമുതൽപേ-
രേതുമന്ത്രം മനംവെ-
ച്ചാലസ്യംലേശമേശാതന്ദിനമുരുവി-
ട്ടിട്ട വാക്സിദ്ധി നേടി
ശ്രീലാഗ്രംകൊണ്ടതെന്നാവിലുമെഴുതിടണം
നിത്യമെന്നിൽക്കവിത്വ-
ശ്രീലാസ്യംചെയ്യുമാറായതിനു 'നെടുവിള'-
ക്ഷേത്രനാഥേ!നമസ്തേ. 4

ശ്രീ
ഭദ്രകാളീ വിജയം.

ആട്ടക്കഥ.



ശങ്കരാഭരണം—ചെമ്പട.

ശ്രീഭദ്രാം ഭവനാവനായ കൃപയാ നിർമ്മായ, സമ്യക്തയാ
ദുഷ്പൃദ്ദാരുകഘോരദാനവവധം നിർവ്വർത്ത്യ സർവ്വാത്മകഃ
ശ്രീകണ്ഠഃശ്രിതകല്പകായിതപദാംഭോജോഽഭിസംഭാവിതഃ
ശൗരൈരാജതശൈലചാരുശിഖരേ ദാരൈഃ സ്മ
രാരാജ്യതേ. 1

സച്ചിൽസുഖാത്മഭ്രതൻ—വിച്യുതാഖിലഭേദൻ
അച്യുതാച്ചിതപാദൻ—വിശ്വായിതൈകപാദൻ
കാമദപ്പുദമനൻ—കാമദപ്പുദമനൻ
ഭീമാസുരശമനൻ—ഭീമാസുഖശമനൻ
ബാധിതമൃത്യുപാശൻ—രോധിതപശുപാശൻ
വ്യാധൂതപഞ്ചക്ലേശൻ—സാധർമ്യഹീനനീശൻ
ഉത്തമഭക്തർതേടു—മത്തൽതീർത്തുമയോടും
വത്തിച്ചുശക്തിക്രൂടും—പുത്രിയാംഭദ്രയോടും.

തോടി—ചെമ്പട.

തദാ കദാചിത്തനയാഹിതാഹിതേ
ഗവേഷമാണശ്ശശിഖണ്ഡശേഖരഃ
നഗാധിരാജേന്ദ്രസുതാം സഖായികാം
സ താം സതാമാശ്രയ ഇത്യുവാചത. 2

ശിവൻ:—

രമണീ!ഭ്രുധരകന്യേ! വരുക-രമണീയാംഗീ! മാമകസവിധേ
സുമനോമധുമയവചനത്താൽനീ-ശമനം
ചെയ്തിടുകഭിലഷിതംമേ ര)

ആരണമുഖസാധു—മാരണപരായണൻ
ദാരുണനരിഗണ—വാരണകണ്ഠീരവൻ
ദാരുകൻതന്നെക്കൊന്നോൻ—ദാരികപോന്നശേഷം
ചാരു'ചിത്രകൂട'ത്തിൽ-സൈരംവസിക്കുന്നില്ലേ?(ര)
ആരഴലവർക്കൊരു—കായ്ത്തിലുമില്ലല്ലൊ?
ആയ്വേവേണ്ടതെല്ലാംനീ—നേരേനോക്കുന്നുണ്ടല്ലൊ?
ഭ്രൂരിസൌഹാർദ്ദംപരി—ചാരികമാരുമിന്നെ-
ന്നാരോമൽക്കിഷ്ടംചെയ്ത-ചാരേവെത്തിക്കുന്നല്ലൊ?(ര)
വിഷ്ടപംനടുങ്ങീടും—മട്ടീയിടെയവർത
ന്നട്ടഹാസംമുറയ്ക്കു—കേട്ടീടാംചിലനേരം
അഷ്ടാപദവുംനില—വിട്ടിടുന്നതുമൂലം
രുഷ്ടയാകുവാനെന്തെൻ—ദൃഷ്ടിജാതയീവിധം? (ര)

ആനന്ദഭൈരവി—ത്രിപട.

പാർവ്വതി:—

നായകാ!സുമസമൂഹ—സായകസന്നിഭാകാരാ!-
മായയാൽമറഞ്ഞുമിന്നും—മാമറപ്പരമ്പൊരുളേ (നാ)
നീയറിയാതൊരുവക—യീയുലകിലില്ലെങ്കിലും
പ്രേയസീജനത്തിനുള്ള—ഞായമോർത്തുകഥിക്കുന്നേൻ (നാ)
അത്തലെന്നാൽചന്താണെന്ന—വസ്തുതയിതുവരെയ്ക്കും
നിസ്തുലവീര്യയാകുംമൽ—പുത്രിയറിഞ്ഞിട്ടേയില്ല (നാ)
കല്പനയെന്തെന്നാകിലു—മപ്പൊഴേനടത്തീടുവാൻ
കെല്പെഴുംദാസിമാരെല്ലാ—മെപ്പൊഴുംകാത്തുനില്ക്കുന്ന (നാ)

ആഴ്ചമുറയ്ക്കസഹ്യമാ—യട്ടഹാസംചെയ്തതേതും
വീഴ്ചകൊണ്ടല്ലവർക്കൊരു—താഴ്ചയില്ലിങ്ങാനുകൊണ്ടും
(നാ)

കാലമായികന്യകയെ—കാന്തനോടുചേത്തിടുവാൻ
കായ്മതുകഴിച്ചാകിൽ—ക്രൗഞ്ചമൊട്ടുശമിച്ചീടും (നാ)

ബലഹരി—ചെമ്പട

ശിവൻ:—

മതിമതി,ധരിച്ചുഞാൻ—കഥയെല്ലാ,മതിലെന്റെ
മതിയെന്നേപതിഞ്ഞിതു—മധുരാധരിമാർമണേ! (മ)
തനയമാർമുതിന്നെന്നാ—ലനുരൂപനായുള്ളൊരു
കണവനോടണയ്ക്കാത്ത—ജനകൻജനകനാമോ? (മ)
പരിചിൽഭാരുകരാജ്യം—പരിപാലിച്ചുകൊള്ളുവാൻ
പരമാരൻമാരികരെ—ന്നൊരുദിവ്യപുരുഷനെ
സുരദേ,മാരിഷിയെന്ന—ശരഭിന്നുമുഖിയോടു-
മൊരുമിച്ചുസൃഷ്ടിച്ചുനാം—ധരണിയിൽവിട്ടില്ലയോ? (മ)
ഉരുമോഹമവന്നുഞാൻ—വരമോന്നേകുകമൂല-
മൊരുസുതനുളവായി—പരിശുദ്ധൻബാലകാഖ്യൻ
മതിമാനാമവനെന്റെ—സുതയെനൽകേണമെന്നെൻ-
മത,മങ്ങൊരുദൂതനെ—യതിനായയച്ചിട്ടുണ്ട്. (മ)

മധ്യമാവതി—ചെമ്പട

അഥ വിഷ്ണപസൃഷ്ടിപുഷ്ടിനഷ്ടി-
സ്ഥിരഹേതോഃ ശിപിവിഷ്ടവിശ്വമൂർത്തേഃ
സവിധം സഹസാ സമേത്യ നത്വാ
വദതി സ്മ പ്രമഥേഷു കശ്ചിദേവം. 3

പ്രമഥൻ—

സോമചൂഡ! ജയജയഭോ—നമസ്തേനിത്യം
നാമരൂപരഹിതശംഭോ!
മാമുനിജനശരണം—കാമമോക്ഷാദികാരണം
ശ്രീമയംതവചരണം-ക്ഷേമമെന്നും മേതരണം(സോ)
സ്ഥൂലശരീരാദിയായീടും—മുപ്പുരങ്ങളെ
ആലയാധിനാഥന്മാരൊട്ടും
ഭൂലതാമധ്യത്തിൽമിന്നും മൂലസജ്ജ്യോതിസ്സിൽമുന്നം
ആലയിപ്പിച്ചിട്ടഖണ്ഡം—ലീലാസിപ്പതാരീവണ്ണം!
(സോ)
ചൊല്പടിക്കുചെന്നുഞാൻനേരേ—യപ്പൊഴേതന്നെ
ചിൽപ്പുരുഷ!ദാരുകപുരേ
തൽപുരപതിധരിച്ചു—ക്ഷിപ്രമെന്നെസ്സൽക്കരിച്ചു
അല്പമൊന്നുവിശ്രമിച്ചു—കല്പനഞാനറിയിച്ചു (സോ)
ആയ്തവാദേശസാരത്തെ—പ്പരമപ്രേമ-
ഭാരമോടുകേട്ടനേരത്തേ
പാരമാമോദമിയന്നു—ദായ്തയോടുയാത്രചൊന്നു
സൈരമെന്നോടൊത്തുപോന്നു-മാരികരുമിതാവന്നു.
(സോ)

മാരധനാശി—അടന്ത

മാരികൻ—

'ശിതികണ്ഠ തീർത്ഥപാദാ'!—ശ്രിതലോകാലംബഭ്രതാ!
ബുധജനോദ്ഗീതചാരുചരിതാ!
യതിവര,ഹരോ!കാമ—മഥനാ!സദ്ഗണസേവ്യാ!
നതിശതമിതാഭവൽ—പ്പദോസനുപ്പിക്കുന്നു. (ശി)

സതതജാഗ്രൽക്കുണ്ഡലി—സംഹിതാ! സച്ചിജ്ഞാ! വിഭോ!
"ത്രിഥകലാപ"പാദ—ദ്യുതിദീപ്തജടാധരാ!
ശ്രുതിഗ്രഥതത്ത്വാമൃത—സ്മൃതിശീതളചേതനാ!
ഗതിയങ്ങെന്നേജീവിത—ഗതിയിലന്യനില്ലമേ. (ശി)
ഭവദീയകാരുണ്യത്താൽ— ഭവനാശരഹിതമാം
ഭവപാരാവാരപാര — മിവനേതാണ്ടരികിലായ്
അവലോകിച്ചെനെന്നമ ല്ലവനീവാസാനന്തെക-
ഭവനമാകുമാത്മസം—ഭവനമെന്നുണ്ടായ് മമ. (ശി)
അവനുദീർഘായുസ്സേകി—യവനംചെയ്യുരുളേണം
"ശിവയോഗി"ദുഷ്പ്രതിക്രു—ന്നനകൃത്യപരായണാ!
അവിടുന്നതിൽപ്പരമൊ—ന്നാടിയനുചെയ്വാനില്ലീ-
വ്യവഹാരമാത്രസത്യ—ഭവനയാത്രാകാംക്ഷത്തിൽ. (ശി)
സ്ഥിരതരസമാധിയാൽ—പര ചിദ്രസമാധുരി
പരമാസ്വദിച്ചുകൊണ്ടു—മരുവുമാദിയോഗിന്ദ്രാ!
തിരുവുള്ളമനുഗ്രഹിപ്പാൻ—കരുതിപ്പോരുമെനിക്കു
കരണീയബോധമിന്നു—കരുണാനിധേ!നൽകേണം. ശി)

കല്യാണി—ചെമ്പട

ശിവൻ—

കേൾക്കെടോ! ഭക്തശ്രേഷ്ഠരാ!
ശ്ലാഘ്യഗുണഭാസുരാ!
സത്പ്രീതിഗതി—നോക്കിയാൽജഗതി
വത്സമുഖ്യതനു—രക്കിരിക്കുകിലും
മിക്കതുംപെരിയ—തോൽത്തുരുത്തിസമം
വീക്കുകെന്നിഫല—മോക്കിലില്ലണുവും
അക്കണക്കുദരമേഹനപാലന-
മാത്രമാത്രപരനായ് പഴുതേജനി-

പോക്കിടാതെശമമാന്ദ്ധവാട്ടശ
യോഗ്യരില്ല,വരുമാഗ്രഹവും തവ- (കേ)
മാരികാ!ഗ്രണധോരണിദൂരിതദാരദചാരുകുമാരികാ!
പ്രവിദാരണചണപരകാരണപരപരിചാരികാ
പരദാരുണതരകരവാളവിദാരിതദാരുകാ
മമസുദാരികാ
ഘോരബാഹുബല—ഗൗരവാൽധരണി-
ഭാരവുംപരിഹ —രിച്ചുദാരതരം
ഭ്രരിസുഖംമരുവുന്ന,സുരാസുര-
വാരസുഗീർണ്ണയശോമൃതകരരുചി-
പൂരസിതീകൃതദശദിശയായിഹ
കായ്മിതൊക്കെനിനക്കറിവില്ലയൊ?
നിരുപധിശുഭനിധിയൊരുവരനിതുവരെ
വരതനുമണിയിവധംപരിണയംകഴിച്ചില്ല- (കേ)
ശമ്മദം,തവനന്ദനനെന്മകധംതന്നെവരിപ്പതു, മന്മതം
ഇതുനിന്നൊടുരപ്പതിനിങ്ങുവരുത്തിസസമ്മദം
നഗനന്ദിനിമുതൽപേക്കൊക്കെയുമിതിലതിസമ്മതം
പറകനിൻഗതം—
ഇന്നിതിങ്ങനെനടത്തിയാൽ,മനുജ—
കന്യയായവിടെവന്നുവാഴുമിവധം;
പിന്നതിധന്യകരുംബേശ്വരി,വന—
മന്ദിരഭൂസ്ത്രു,മഹാശൂലിനിയിതി
ഭിന്നമഹസ്സൊടുഭക്തപരാഭവ—
മന്നന്തടനടിതടയാനിടയാം;
കലിയുടെകലുഷതകളവതിനലിവൊട്ട-
വിലസിടുമിവളുടെകലഭവിഗതലയം. (കേ)

മാരികൻ:—

ഭക്തവത്സലാ!നിത്യമുക്തസ്വരൂപാ!ശക്തി—
യുക്താ!യുക്തിമാഗ്ഗാതിരിക്താ!
വ്യക്തം,കാരുണ്യാമൃത—സിക്തം,താവകസൂക്തം
പ്രമദാംബുധിയമിതോമ്മികളാൽക്കര -
കവരുന്നതിനരുകാരണമായ് മമ. (ഭ)
അല്പപ്രാഭവനാകും—മല്പതൻമതിയാകും
തൽപൃതിതന്നെമാല—വെപ്പാൻ
ഇപ്രകാരമുണ്ടായ—കല്പനയോർത്തുകണ്ടാൽ
പദ്യാസരിലതിസാർദ്രമഹോതവ
മൃദുസാത്വികമതി,സാത്വികനുതപദ! (ഭ)
എടുത്തുചോദിപ്പാനുണ്ടോ—മടുത്തുമൊഴിതൻവേളി -
യടുത്തമുഹൂർത്തത്തിനു—നടത്താം
തടസ്സമതിലിവനാഥം—ത്തടത്തിലുദിച്ചീടുമോ?
ധരണീധരതരുണീധവ!—തവഹിത-
കരണോദ്യതകരണത്രയനഹമിഹ. (ഭ)
വന്ദേപാദപല്ലവ—മന്ദേവനന്ദ്യാവിടകൊ—
ള്ളുന്നേനടിയൻവൈകാതിന്നേ
ചെന്നെല്ലാംതയാർചെയ്യ—വന്നേക്കാമുടൻതന്നെ
വരദാഭയകരവാരിരുഹാല്പിത—
വരകല്പക!തരികിപ്പൊഴുനുമതി (കേത)

സ്മൃത്വാ സ്വാത്മജനേസ്ത്രിലോകഗുരുജാ-
മാത്മപ്രസിദ്ധിം മുഹു-
മ്മധ്യേപദ്ധതി വിസ്മയാവിധിതസ-
ഞ്ചാരശ്രമോ മാരികഃ

സംസ്ഥായം സമവാപ്യ സർവ്വവിധസംഭാ-
രൈർവിവാഹായ സത്-
പുത്രാമാത്യജനൈശ്ചനിശ്ചിതദിനേ കൈ-
ലാസമാസേദിവാൻ. 4

ഇന്ദ്രളം.

അസിതമഹിധരാഭം ഘോരമാവൃത്യ ഗാത്രം
ത്രിഭുവനകമനീയം രൂപമാദായ ദേവീ
ഗിരിശസുരവരാദ്യൈർഭ്രാജിതായാം സഭായാം—
മവുണ്ടത സുമുഹൂർത്തേ മാലയാ ബാലകം തം. 5

ഘണ്ടാകർണ്ണ,നനേകമാളികപ,മഹാവേതാളി, യാരുംഭയം-
പൂണ്ടീടുന്നമസൂരിമാല,മഹതാക്രുദ്ധങ്ങളെന്നീവിധം
വേണ്ടുംസ്ത്രീധനവുംകൊടുത്തു വളരുംഹർഷാശ്രുവർഷാകുലം
കണ്ണേകാളനയച്ചുതൻറമകളേ വേട്ടോൻറവീട്ടിന്നുടൻ. 6

എല്ലാം 'നല്ലച്ഛ'നോടിങ്ങനെ ഭഗവതി വാ-
ങ്ങിട്ട ഭർത്താവുമായി-
ച്ചെല്ലുന്നേരത്തു നേരേ കൊടികുടപടഹം
തൊട്ടവട്ടങ്ങളോടും
നല്ലാരൊത്തങ്ങുപോയ് മാരിഷിയുടനെതിരേ-
റിറിട്ട താനാവസിക്കും
'നല്ലില്ല'ത്തേക്കുകൊണ്ടന്നഴകൊടുകുടിവെ-
ച്ചീടിനാളുഡുഹർഷം. 7

സൗരാഷ്ട്രം—ചെമ്പട

അഥ തൗ മാതരപിതരാ-
വപരിമിതാമോദസാർദ്രഹൃദയാന്തൗ
ഇത്യുദ്ഭൂതാമനുപദ-
മങ്ഗാശ്ലേഷം വിതനുതന്തൗ 8

മാരികൻ:—

മകനേ!ബാലകാ, ലോക—മഹനീയയിവർംനിന്റെറ
മഹിഷിയായ് വരികയാൽ—മഹിതഭാഗ്യവാൻഭവാൻ (മ)
വെറുമൊരുകാന്തയെന്ന—കരുതൊല്ലാനീയിവളെ
പുരമെരിച്ചപുരാന്റെറ—തിരുമകളല്ലോയിവർം (മ)
ധവനേനിമിത്തമാക്കി—യവനകായ്മാത്മംദേവീ!
അവനിയണഞ്ഞുനീയെ—ന്നിവനറിഞ്ഞിരിക്കുന്നു (മ)
കരുണാപീയൂഷയൂഷ—പരിഷേകവൃതാശ്രിത-
പരിതാപയായിസ്സവ്—ശരണീയേജയിക്കനീ! (മ)
നിരുപമമാംനിങ്ങടെ—വരവധൂബന്ധുമേവം
പരമേശകൃപയാലെ—ചിരകാലംനിന്നിടട്ടെ! (മ)
സ്ഥിരമായ്നിങ്ങർംനയിക്കും—വരദാമ്പത്യജീവിതം
പരമോദാഹരണമായ്—ധരണിയിൽവിളങ്ങട്ടെ! (മ)

കാനഡ—ചെമ്പട

മാരിഷി:—

ഉറച്ചവാത്സല്യാലച്ഛ—നരച്ചതൊക്കെയുംവത്സാ!
ധരിച്ചുകൊണ്ടിവളൊത്തു—വസിച്ചാൽനന്മയുണ്ടാകും (ഉ)
മികച്ചയൗവനംമൂലം—മദിച്ചിവർംക്കൊരിക്കലും
കളിച്ചുപോലുമപ്രിയ—മണച്ചുപോകരുതേനീ (ഉ)
തിളച്ചരോഷാൽപ്പോരിനു—വിളിച്ചുദൈതൃർതന്മാരു-
പൊളിച്ചുപൊങ്ങുംചോരയിൽ-കുളിച്ചുകാളിയാണിവർം(ഉ)
തനിച്ചുനിന്മഹിമവി—സ്മരിച്ചിവൻഭാഗ്യമെന്നു
നിനച്ചുവല്ലതുമൊന്നു—പിഴച്ചാലുംപൊറുക്കണേ! (ഉ)
തഴച്ചകാന്തികന്ദളി—പൊഴിച്ചുനില്ക്കുമിബ്ബാലൻ
തപിച്ചുപലനാർംനേരം—കൊതിച്ചുണ്ടായവനാണേ! (ഉ)
ജനകനുംജനനിയും—മനവിയുംസുജനവും
ധനവുംമാനവുമെല്ലാ—മിനിമേലിവനുനീയേ. (ഉ)

ശങ്കരാഭരണം—ചമ്പ

കാളാംഭോദം തദഗ്രേ കളരുചിവികിരത്
പാവ്ണേന്ദും തദന്ത-
ശ്ശോണാങ്കം മഞ്ജുശങ്ഖന്ത്വധരളവിവിധോ-
സ്തസ്യശൈലാവധസ്ഥാൽ
കാന്തായാമഗ്രജാഗ്രത്കുസുമസമുദയാ—
മോദിതായാം ലതായാം
വീക്ഷ്യാരാമേ ജഗാദ പ്രമദദമിലനാ
ലോലധീർബാലകോസൌ 9

ബാലകൻ—

മമസുകൃതവല്ലരീ—മസ്യണസുമമഞ്ജരീ!
മൃദുഹസിതമഞ്ജുവദനേ!
മധുമണമുതിന്നിടും—മലർവാടികാൺക!പിക-
മധുപകുലകളനാദമധുരമായ്വിലസുന്നു (മമ)
ഉദയഗിരിമേൽനിന്നു—മതിയുമവനീതലം
കതിരൊളിയിൽമുക്കിടുന്നു.
മതിയതിൽമഹോരുനിലെ— മത്സരംവെച്ചുകൊ-
ണ്ടിവനൊടിഹമന്മഥൻ—മല്ലിടുന്നെൻപ്രിയേ! (മമ)
ഇന്നിതിലെനിക്കുണ—യിന്ദുധരകന്യനീ
നന്ദിയൊടുചെയ്തുചിതം
കുന്ദാദിശിതവിശിഖ—വൃന്ദങ്ങളേറുകഥ-
തീർന്പോഴ,ഭവതിയിവി-ടെന്നകനിയായ്തീലോ (മമ)
നിന്നാമൃതമൊഴി,രൂപ—സൗന്ദര്യ്യ, മധരരസ-
മെന്നിവനകന്നീടുവാൻ
അന്യോന്യമീഷ്യയൊടു—മിന്ദ്രിയഗണങ്ങളുമമ,
മുന്നിലഹമഹമെന്നു—തനിമുതിരുന്നിതാ! (മമ)

വന്നാലുമോമനേ!—വന്നാലുമതിസുഖം
ചേന്നാലുമെന്നൊടധുനാ
മന്ദാക്ഷവന്നദിയിൽ—നിന്നാനനാംബുരുഹ-
മുന്നമിപ്പിച്ചിടുക—മന്ദേതരംസ്വദതി! (മമ)

കാമോദരി—ത്രിപട

ദേവി—

കമനീയാകൃതേ!കാന്താ!നിൻനിരുപമ-
കാമനീയകംകണ്ടഹോ!
അമിതാസൂയയാലസമബാണൻ—നിയതമകമേ
മമതവിട്ടതിവിമതഭാവമൊ—ടഹിതമിതുതവ-
ചെയ്‌വൂദിനമനു (ക)

മാധുരിയൊഴുകീടും—മാതിരിഹിതം-തവ
മൃദുലവദനകമലേരിതം
മോദകരമിദമീരിതം-പര മാദിരസപരിപൂരിതം-അതി
ലാദരവുമമവിഹിതമെങ്കിലു—മോതിടുവതിനുമുണ്ടു-
ചെറുതിഹ. (ക)

വേളികഴികെ,വിരു-ന്നാടിടേണം-വര-
നതിനേഴതോഴർവീടുതേടണം
തരുവധുവൊടുപോകണം-അവർ-സപ്തദിനമിതി-
പോക്കണം-ഇതു-
ചെയ്തിടാതൊരുയുവതിപതിയുടെ-മെയ്‌തൊടാൻവിധി-
യെവിടെയരുളുക (ക)

സുരുട്ടി—ചെമ്പട

ബാലകൻ—

മധുരവദനരുചി—വിധുരിതവിധുകാന്തേ!
വിധിയിതശ്രുതചരം—മധുമൊഴികാന്തേ! (മ)

കഥയെന്താകിലുംതവ—മതമത്രേമമമതം
അതിനേതുമില്ലവാദ—മധരിതാപരകാന്തേ' (മ)
'പള്ളിച്ചോതക'നെന്ന—പൊല്ലെഴുമൊരുതോഴ-
രല്ലാതാപ്തമിത്രമാ—യില്ലാരുമെനിക്കിഹ (മ)
'എന്നെന്റെസുഹൃത്തൊരു സുന്ദരിയോടുചേരു-
മെന്നാന്തരംവിരുന്നാ—ന്നന്നുഞാൻതരുന്നുണ്ടു"
ഇങ്ങനെചൊന്നാനവൻ ഞങ്ങളൊന്നിച്ചുമുന്നം
ഗങ്ഗക്കരയിലാശാ-ൻറങ്ങുപഠിക്കുംകാലം (മ)
എന്നതുകൊണ്ടവന്റെ-മന്ദിരത്തിനുപോകാ-
മിന്നതന്നതിൽമമ-സന്ദേഹമില്ലബാലേ! (മ)

കേദാരഗൌഡം—മുറിയടന്ത

പ്രശാന്തഹൃദയാന്തരം നിജനിശാന്തമായാന്തമാ-
പതന്തമിവകാന്തയാ ജലജബാന്ധവം,ബാന്ധവം
മദാന്ധപരിപന്ഥികൃന്തനധുരന്ധരോ വീക്ഷ്യതം
വ്യചിന്തയദഥാന്തധിരിതി തദന്തരേ ചോതകഃ 10

ചോതകൻ —

ഭ്രരിമോദവിധായകമായിതാ-ദൂരവേയൊരുകാന്തികാണാകുന്നു
ഹിരഗൗരമരീചി,മരതക—ചാരുശോഭയൊടൊത്തിളകും-
വിധം (ഭ്ര)
കണ്ണിണകൾക്കുകപ്പൂരധാരയോ - വണ്ണമഞ്ഞുളമഞ്ജന
ധൂളിയോ!
വർണ്യമല്ലിതുതെല്ലെങ്കിലുമക്ഷി കണ്ണാഥനുപോലും-
വിചാരിച്ചാൽ (ഭ്ര)
ചെറുചെറുകുന്തോരുമപ്രഭാ മധ്യേരണ്ടിവ്യാകൃതി-
തോന്നുന്നു

ചുറ്റുമെയ്യൊളിവീശിവരുംയുവ - മത്സ്യനാരീപുമാന്മാരി-
താരഹോ! (ഭ്ര)
മാലവെച്ചവളോടുമൊരുമിച്ചു - ബാലകനെന്നമത്സഖ-
നെന്നുടെ
ആലയത്തിൽവരുന്നതാവാ,മതേ ആലോചിക്കുവാനില്ലി -
തവർതന്നെ; (ഭ്ര)
ലോകമോഹിനിയാമിവളേവമി - ങ്ങാഗമിക്കുവാൻസങ്ഗ -
തിയായതെൻ -
യോഗമത്രേ,നിവരേയഥോചിതം വൈകിടാതിന്ന -
സല്ക്കരിച്ചീടണം (ഭ്ര)

ശങ്കരാഭരണം—ചെമ്പട

ദയിതയാ ഹിതയാ സമവേതയാ
ദയിതയാ ഹി തയാ സമുപാഗതഃ
സജഗദേ നമതപ്രണതാംഹ്രിണാ
സജഗദേന മതഃ സഹപാഠിനാ. 11

ചോതകൻ—

സ്വാഗതമയിഭവതേ—ഏകാന്തരങ്ഗാ!
ഭാഗധേയവസതേ!
അകാരസൂഷ്മമാതി—രേകാതിപരാജിത-
പാകാരിപുരനാരീ!—സ്വാഗതംഭവതിക്കും. (സ്വാ)
ഏതുയുംസുദിനമാ - നോത്താലിട്ടിനമെനി-
ക്കെന്നുമിത്രമാംനീ — യത്രവന്നതിനാലെ
ചിത്തവുംമോദവാർദ്ധി — മധ്യത്തിൽമുഴുകുന്ന
പത്തനമിതുംപരി—ശുദ്ധമായതുമൂലം. (സ്വാ)

കുട്ടിക്കാലത്തുതീരെ – ക്യത്രിമമറിയാത്ത –
വ്യത്തിങ്കൽക്കരുത്തുള്ള — തത്രൈനമ്മുടെസഖ്യം
ഇത്തരമഹേതുക – മൈത്രിക്കൊരുകാലവും
മാറ്റമില്ലെന്നല്ലൊരു – മാറ്റുക്രൂട്ടുകേയുള്ളൂ. (സ്ഥാ)
ചൊല്ലാന്സഖേ!തവ —കല്യാണംകഴിഞ്ഞുനാ -
മെല്ലാരുമായിന്നലെ – യല്ലയോപിരിഞ്ഞതും
ചൊല്ലേണമുടൻതന്നി - ക്കല്യാണാങ്ഗിയുമായെ -
ന്നില്ലത്തേക്കുപോരുവാ നുള്ളകാരണംഭവാൻ. (സ്ഥാ)
'ഓടകവനം'തൊട്ട — കാട്ടുകഥകടക്കുമ്പോ –
ളേടാക്രൂടങ്ങളൊന്നും – ക്രൂടാതെകഴിഞ്ഞിതോ?
പേടമാന്മിഴിയിവൾ - പേടിപൂണ്ടിതോ,വഴി –
ക്കാടലൊരുവിധവും തേടിയില്ലയോനിങ്ങൾ? (സ്ഥാ)

വേകട—ചെമ്പട

ബാലകൻ—

പ്രകൃതിലളിതകോമളം-നിന്മൊഴിപാത്താ-
ലകൃതകസ്നേഹശീതളം
പ്രകൃതാഗമനകാര്യം-സ്വകൃതമ,ല്ലെന്നാലെന്നും
പ്രകൃതിക്കീശനുംശക്തി-വികൃതിക്കധീനനല്ലേ? (പ്ര)
പരിണയശേഷംവരൻ–വധുവോടുംവിരുന്നാടി..
മരുവേണമേഴതോഴർ — പുരമതിലേഴുദിനം
മുറയാക്കുമിതെന്നിവ-ളുരചെയ്തനിമിത്തമായ്
ത്വരിതംപുറപ്പെട്ടഞാൻ — വരികയാണെടൊസഖേ!
(പ്ര)
ഇടയിലപകടങ്ങൾ—ക്കിടയായില്ലെങ്കു,മെന്റെ-
മടവാർമണിയുള്ളപ്പോൾ—പ്പെടുകില്ലാവകയൊന്നും
ഇടിയോടിടയുംകടു—രടിതംമുഴക്കുംസിംഹം
കിടികരടിയെന്നിവ-വിടവാങ്ങിയൊഴിഞ്ഞോടി. (പ്ര)

ഗുരുസന്നിധിതന്നിൽനാ—മൊരുമിച്ചുപഠിച്ചനാ-
ളൊരുകരാർനീചെയ്തു പറകങ്ങുമറന്നിതോ?
പരിചിലീവിധന്നേഴം—സരസൻനീനടത്തേണം
പരമാത്മസുഹൃത്തായി-ട്ടുരനില്ലെനിക്കീവിധം. (പ്ര)

മോഹനം—മുറിയടന്ത.

ചോതകൻ:—

വെളിവായികായ്മമെല്ലാമേ—മാന്യമിത്രമേ!
വളരുന്നുകൗതുകവുംമേ.
ഒളിചിന്നുംമുകുരത്തിൽ—നിഴൽപോലെന്നകതാരിൽ
തെളിയുന്നുപണ്ടുചെയ്ത—സമയമതുമിതുസമയമതു-
പടി. (വെ)

ചിതമോടുവിരുന്നെല്ലാം—ചതുവ്വിധംകഴിഞ്ഞീടും
അതിലേക്കുള്ളവട്ടങ്ങ ളുടനേതന്നെക്രട്ടീടാം
അതുവരെയ്ക്കുവിടധിവസിപ്പതി – നതിമനോഹരസൗധ—
മിതുതവ
സതിയിവഠംക്കിതിനെതിരിൽനേരുവടക്കതായ്വിലസു-
ന്നസദനവും. (വെ)

പദവിയൊത്തിഹവാണു— ഹിതമേതുനടത്തുവി
നതിനെന്താണെനിക്കുള്ളി ലഹിതംവല്ലതുമുണ്ടോ?
അതുലമെൻധനതതിയുമുന്നത—പദവുമിജ്ജനപദവുമ-
ഖിലവു-
മിതരദുർല്ലഭസിതയശോയുത!— ഭവദധീനമതനിശമറി-
യുക. (വെ

ഭൈരവി—ചെമ്പട.

സ്വീകുവ്വാണേ സതീത്വ്യാദപചിതിമതുലാ
മാതിഥേയീം നിശായാ-
ഓങ്കാരേ പ്രത്യവായപ്രശമനവിധയേ
ബാലകേ സംപ്രയാതേ
ഭർത്രാസദ്ധൃപധേയാസവമധുരരസാ
സ്വാദനാസാദിതോദ്യ
ന്മാരോന്മാദാതിതാമ്യന്മതിരുപവദതേ
സ്മൈകദാ ചോതകസ്തം. 12

ചോതകൻ:—

രാഗമനോഹരാധരേ!-രാഗലതാധികേ!
രാഗവിവശനാമെന്നെ-യേകാന്തേകാൺകനീ. (രാ)
വണ്ടണിവേണിയാംനിന്നെ ക്കണ്ടദിനംതൊട്ട്
തണ്ടലരമ്പനിവനെ ത്തിണ്ടാടിച്ചിട്ടുന്നു. (രാ)
സങ്കടമറിയിപ്പതി-ലെങ്കൽമുഷിയൊല്ലാ
കൊങ്കക്കുടംചേത്തുടഥ-മങ്കപാളിചെയ്ക. (രാ)
പാതിവ്രത്യഭങ്ഗമിതി ലേതുമില്ലബാലേ!
ഭേദമെന്നുപതിയുംതൻ-മിത്രവുമൊന്നല്ലേ! (രാ)
കാമിതമുടനേമമ-സാമോദംസാധിക്ക
താമസിച്ചീടരുതിനി-സ്സാമജഗമനേ! (രാ)

ശഹന—മുറിയടന്ത.

ദേവി:—

എന്തുകഥിച്ചുനീ ബന്ധംവിട്ടെന്നോടു
ബാന്ധവധർമ്മമീ-വിധമോ! (എ)
കാന്തനോശ്രുദ്ധൻ,നീ ബന്ധുവെന്നോത്തൊരു-
ചിന്തയുമെന്യേവ-ന്നിവിടെ (എ)

സാന്ത്വനയുക്തിയും-തന്ത്രങ്ങളുംബാഹ്യ-
ചന്തമഹോത്സവ—കൃമതേ! (എ)
ചെന്തിയിലോകളി-ഹന്ത!ശലഭത്തി—
നന്ധതയോക്കുകി-ലിതുതേ (എ)
പന്തിയല്ലിത്തൊഴിൽ-പിന്തിരിഞ്ഞുപോക
ചിന്തുന്നുകോപവു-മകമേ (എ)
വെന്തുപോംനിന്നിനി-ത്താന്തോന്നിത്തംചൊന്നാ-
ലന്തസ്സുമൊന്നുംഞാൻ-നിനയാ. (എ)

കേദാരഗൌഡം—ചെമ്പട.

ചോതകൻ:—

അത്രയുള്ളൊരുഭേദമുണ്ടെന്നാലുടൻ-നിത്രബലാൽഞാൻനിന്നൊട്ടു
ചേരുവ-
നിത്രിജഗത്തിൽക്കീർത്തിയെഴുംമമ-ശത്രുമത്തഗജമസ്തഭേദ
പടു-
ഹസ്തശകുതിതവകേട്ടറിവില്ലേ!
ചിത്രമേ!നിനയുന്നോരംനിൻ-വിചാരഗതിയതിചിത്രമേ!

പന്തുവരാടി—മുറിയടന്ത.

ദേവി:—

പലമട്ടമന്ത്രനയംപറഞ്ഞിട്ടുമതുതട്ടി
നെറികെട്ടമൂഢയോവീണ്ടും!
ഭവദിഷ്ടത്തിനിങ്ങൊട്ടും—വഴികിട്ടാതടിമുട്ടി
വിടുവിഡ്ഢീ!പേടികാട്ടി—വിരട്ടാമെന്നൊരുമ്പെ
ട്ടോ! (പ)

അതിരുട്ടാൽച്ചൂടുകട്ടുക്കനൽപൊട്ടിച്ചിതറുമെൻ—
കടുഷ്ണിക്കടകൊണ്ടുള്ളാരുനോട്ടത്തിനാൽഞെട്ടി
ഇടിവെട്ടിയടിവട്ടംനുറുങ്ങിവിട്ടവൻകട്ടി—
ത്തടിമട്ടിന്നുനീപെട്ടെന്നിഹപെട്ടുപതിക്കട്ടെ! (പ)

ശാപക്ഷോപാത്തസ്യ ചേതോഗ്രഹായാ-
സ്സതോപാ ഭീത്യാ ധാവധാവേത്യധാവത്
ഗാത്രം സൂത്രോച്ഛേദനേ പുത്രികാവദ്
ഭ്രമൌ ഭീമാരാവഘോഷം പപാത. 13

ജീവിതേശനികടം പ്രണീയ തം
ജീവിതേശവചസാഥ സാ ദദൌ
ജീവിതേശതനയാ പുനഃസ്ഥിതിം
ജീവിതേശനഹനക്ഷമാ ഹ്യസൌ 14

നവരസം—ചെമ്പട.

തദനു സദനം ഗത്വാ മത്വാ പ്രിയാപരിരംഭണം
മദനകദനക്ലിഷ്ടശ്ശിഷ്ടാഗ്രണീരിതിബാലകഃ
ജഗതി ജഗതി സ്നിഗ്ധാം മുഗ്ധാം സുധാരസവഷ്വ-
ന്മധുരമധുരം ഭദ്രാം ഭദ്രാമഭാഷത ഭാഷിതം. 15

ബാലകൻ:—

തരുണേന്ദുമുഖി!മമ—തരുണീ!നീയുരചെയ്ത-
കരണീയംസാധിച്ചുഞാൻ—സാമ്പ്രതം
തരണേമദനതാപ—വരുണാലയതരണേ
കരുണയാകരാഞ്ചവം—കരിണീഗമനേയിനി (ത)
മറുത്തിതിനൊരക്ഷര—മുരച്ചീടൊല്ലാ,മാരനെ
ച്ചെറുത്തുനിൽക്കുവാൻമേലാൽ—വരുത്തമത്രേ
പെരുത്തമേളത്തോടൊത്തി—പ്പുരത്തിൽമുൻപുണ്ടാ
കാത്ത-
തരത്തി'ലേഴാംനീരാട്ട്'ം-തരത്തിൽകഴിഞ്ഞുവല്ലോ (ത)
ഭവതിയന്നുപറഞ്ഞോ—രവധിയിതോടുതീർന്നു
സവിധേവന്നാലുംസത്യ—നിരതേ!
യുവതിമണേ!എന്നൊഴി—യവധാനപൂർവംകേൾക്കാ-
തവനതാസ്യയായ്നീയെ—ന്തവനിനോക്കിനിൽക്കു
ന്നു? (ത)

എരിക്കിലക്കാമോദരി—ചെമ്പട

ഇതീരയത്യാത്മവരേ വിചാരൈഃ
പരീതചാവ്യാ ഹരദാരികായാഃ
മസാരബന്ധൂരമുഖാരവിന്ദാ-
ദസാരി വാണീമകരന്ദപൂരൈഃ 16

ദേവി:—

സ്മരണീയംനീ—ചൊന്നതെങ്കിലും—ശ്രദ്ധിക്കനാഥാ!
ഭരണീയയിവളിന്നു—മൊരുകായ്മുണത്തുന്നു
കരുതായ്തതിലവിടുന്നു—നീരസമൊന്നും (സ്മ)
കനിവമിതമുള്ളില്ലൊണ്ടു—ജനകനെനിക്കായിക്കൊണ്ടു
കനകമണിച്ചിലമ്പുരണ്ടു—കാൺകേകിട്ടണ്ടു് (സ്മ)
ഇതുവിററിപ്പോളിങ്ങുപണ—മിതരാധികമുണ്ടാക്കേണം
അതിനുപാണ്ഡ്യപുരിയിൽക്ഷണം-അങ്ങുപോകേണം (സ്മ)
പരിണയത്തിനേഴാംദിനം—വരനേയേവമങ്ങുന്തനം
വിടുവനെന്നമനസാഞാനും -ചെയ്യുപോയ് സത്യം (സ്മ)
പഴുതേയോതുകല്ലിത്തരം—ഫലമുണ്ടിതിൽസവോത്തരം
ചലനഹീനമിതിനുത്തരം—ചൊൽകസത്വരം (സ്മ)

ഭൈരവി—ചെമ്പട

ബാലകൻ:—

കേഠംക്കണംവചനം—മാമകിനം-ഓക്കകൈൽകടനം
വാക്യമങ്ങെപ്പൊഴുമേവം-യോഗ്യമല്ലെന്തുനിൻഭാവം! (കേ)
അന്നെന്റെവാക്കുതള്ളി-വിരുന്നുപോകണമെന്നുനീകഥിച്ചു
അന്നേരമേയതിന്നാ-യിറങ്ങിത്തിരിച്ചുഞാനപ്പഴിയൊഴിച്ചു
എന്നിട്ടുംഭവതിയോ—പഴയവഴിയേതന്നെയെന്നറച്ചു
നന്നല്ലിത്തൊഴി,വെന്നിൽ-കരുണകരളിലെന്തേനിക്കുറച്ചു!-
മമ-മനമറച്ചുപരം! (കേ

'പാണ്ടിയാൻനാട്ടി'ലുള്ള—പരിഷകളപകടമാചരിക്കും
കണ്ടാലാരോടുംനല്ല—കനിരസമൊഴുകിടുംമൊഴിയുരയ്ക്കും
വേണ്ടവിധത്തിലെല്ലാം—ഹിതമറിഞ്ഞനുപദമുപചരിക്കും
രണ്ടുനാഴികയ്ക്കകം-സകലരഹസ്യങ്ങളുമവർധരിക്കും-ധന-
മപഹരിക്കുംദ്ധം (കേ
മുതൽപിടുങ്ങുമെന്നല്ല—ക്കഠിനമതികളുടൻകഥകഴിക്കും
സ്ഥിതിയിതോക്കുകിലാക്ക—മവിടെക്കടന്നുകൊഠംവാനകം
തുടിക്കും
അതിനാൽഞാൻപോകയില്ല—ക്കസ്മൃതികഠംപുരത്തിലുമാ
വഴിക്കും
ഗതവിചാരയായെന്നെ—യയയ്ക്കുകിൽക്കടശിയിൽനീമിഴി
ക്കും—മിഴിനീർപൊഴിക്കുംചിരം (കേ)

ബലഹരി—ചെമ്പട

ദേവി:—

മന്ദാരോപമാ!സുന്ദരാ! — നിൻദരഭാരംപാക്കി—
ലിന്നാരുംഹസിച്ചീടും
ഒന്നുമി,ല്ലൊരുത്തരു—മൊരുവകയുംചെയ്യില്ല
നിന്നെ,നീതാനേ — തന്നങ്ങുചെന്നീടുക (മ)

ബാലകൻ:—

പറയരുതെന്നോടിത്ഥ — മറിവുള്ളവളല്ലോനീ
ഒരുവനായങ്ങുപോകിൽ — മരണമവന്നുഫലം!

ദേവി:—

വല്ലാത്തകാലക്കേടാൽ—വല്ലപായവുംതവ
വല്ലഭാ!വന്നുപോയാ ലെല്ലാംഞാൻശരിയാക്കാം (മ)

ബാലകൻ:—

എങ്ങാനുംനടക്കുന്ന—സങ്ഗതിയതേവിധ-
മിങ്ങിരിക്കുന്നോരുനീ—യെങ്ങനെയറിഞ്ഞീടും!

ഇങ്ഗിതംനേടിടുവാ—നിങ്ങനെയോരോതരം
ഭങ്ഗിചൊൽവതെന്തിനെൻ-ശൃങ്ഗാരസവ്സ്വമേ!(പ)

ദേവി:—

ആവിധംഭവിക്കിലി—പ്പൂവുടൻവാടിപ്പോകും
മാവിൻകനിയിതുമീ—നെയ്വിളക്കുംകെട്ടീടും. (മ)

ബാലകൻ:—

മട്ടലർബാണനെന്നെ—വട്ടംചുറ്റിച്ചീടവേ
കഷ്ടമല്ലയോകൃപാ—വിഷ്ടേനിർബന്ധമേവം! (പ)

ദേവി:—

വന്ദ്യം!നീയിതുവിറ്റു—വന്നിടുമ്പൊഴേയ്ക്കുമെൻ—
മണ്ഡലവ്രതംതീരും—പിന്നെല്ലാമിഷ്ടംപോലെ. (മ)
നിന്നുനേരംകളയാ—തെന്നാൽപുറപ്പെട്ടാലും
ഖിന്നതയെന്തിനിതാ—പൊന്നിൻചിലമ്പുരണ്ടും. (മ)
വേട്ടോളിങ്ങനെ ശാഠ്യമായ്പലതുരയ്ക്കു
മ്പോൾത്തടുത്തുത്തരം
കിട്ടാതൊട്ടിടചിന്തകൊണ്ടു ഹൃദയം വെന്തങ്ങു നിന്നിട്ടവൻ
'ആട്ടേ,വന്നതുവന്നു,നഠംകുകചിലമ്പിങ്ങിന്നു വൈകാതെ
ഞാൻ-
പോട്ടേ,യെന്നൊടുവിൽത്തിരിച്ചു തനിയേ
പാണ്ടിക്കു മിണ്ടാതെതാൻ. 17.

അസാവേരി—ചെമ്പട

നട്ടുച്ചയ്ക്കുകഴത്തവുത്തു വിഭവം തട്ടിച്ചുകൊണ്ടീടുമ-
ത്തട്ടാന്നാട്ടിലണഞ്ഞു ചെറ്റിളവെടുക്കാനായിടയ്ക്കായവൻ
'തട്ടാർപുത്ത'നതെന്നുചൊൽവൊരുകളിത്തട്ടേറിവാണീടവേ
തട്ടാന്മാരിലൊരുത്തനെത്തി വിനയംഭാവിച്ചു ചോദിച്ചുതേ18

തട്ടാൻ:—

അടിയനിതാതൊഴുതേൻ—സാദര —
മടിനറുമലരിണതേ
ഹാടകോജ്ജ്വലകിരീടമണിഞ്ഞുടൽ—
മോടികൊണ്ടുസുമബാണനുപോലും
ആടൽക്കിടയേകീടുംനിന്നുടെ
നാടുവീടുനാമമിതുകളുള്ളക. (അ)
പോന്നതുമെന്തിനയേനിയിഹ
ധന്യമതേ തനിയേ
ചിന്നമാഭയൊടുപട്ടിനകത്തൊരു
പൊന്നരുപ്പടിയിരിപ്പതിതെന്തോ!
എന്നേ, യിവിടെയടുത്തുവസിക്കും
സപ്പണ്ണകാരമന്നനെന്നുമറിയുക (അ)

നാട്ടുകുറിഞ്ഞി—മുടിയടന്ത

ബാലകൻ:—

പേരോടുടാരുകരാജ്യംഭരിച്ചോരു—മാരിക
വീരവരൻ—തന്റെറ—
യൌരസനന്ദനൻ'ബാലക'നെന്നെന്നെ—നേരേ
ധരിച്ചുകൊൾക. (പേ)
പാരിച്ചുദുർഭിക്ഷബാധയൊരിക്കലും—നേരി
ട്ടിടാതവണ്ണം—കോശം
പൂരിച്ചുനാട്ടാരെ രക്ഷിക്കുവാൻ ധനം ധാരാളമങ്ങുവേണം.
(പേ)
ഇന്നതിനായെന്റെറ തനുമീമണിയുടെ-പൊന്നു
പുരങ്ങൾ വില്പാൻ-പാണ്ടി-
തന്നിൽഗമിക്കുന്നുഞാ,നവതന്നെയി—ബ്
ഭാണ്ഡത്തിൽമിന്നുന്നതും. (പേ)

കാനക്കുറിഞ്ഞി—പഞ്ചാരി

ഈമട്ടെല്ലാമവനരുളവേ,മുന്നമപ്പാണ്ഡ്യഭൂപൻ
ശ്രീമെത്തും തൽപ്രിയയുടെചിലമ്പൊന്നെയേല്പിച്ചതിന്നാശം
കൈമോശംവന്നതിനുപകരം കിട്ടി,യെന്നോർത്തുതട്ടാ-
നാമോദംപൂണ്ടൊളിവിലതു തട്ടിക്കുവാനോതി വീണ്ടും. 19

തട്ടാൻ:—

പാണ്ടിനാട്ടിലങ്ങുതന്നെ—പോകുവാൻ തുടങ്ങിടുന്നോ!
വേണ്ട, വേണ്ടകരുതലോടു—വേണം പോവതും. (പാ)
വെള്ളയിൽപ്പുറഞ്ഞുകൈയ്യി - ലുള്ളകാശുകൈക്കലാക്കും
കള്ളരാണപ്പട്ടണത്തി—ലുള്ളിലൊക്കെയും. (പാ)
ദൂരവുമിവിടെനിന്നു - പാരമപ്പുരത്തിലേക്കു
നേരവുംവിളക്കുവയ്ക്കാ—റായിടുന്നിതാ. (പാ)
മേളമോടുരാത്രിയിന്നെൻ—മാളികയിൽത്താമസിച്ചു
നാളെയാവാംയാത്ര,ഞാനും-ക്രൂടിവന്നിടാം. (പാ)

ഇതിപ്രലോഭ്യ കൃത്രിമപ്രഭാഷണേന ബാലകം
പ്രവേശ്യ വേശ്മ ഭേഷജപ്രയോഗതഃ പ്രമോഹ്യ തം
പ്രദീപ്രരത്നപുരേ പ്രമുഷ്യ രുക്മകാരകഃ
പ്രസിദ്ധപാണ്ഡ്യപത്തനംപ്രതി പ്രഗേ സ ജഗ്മിവാൻ 20

സംഗീതം

അന്തർബിഭ്രത്കളങ്കം ബഹിരമലരുചിഃ
കാമകൈങ്കര്യഭാജാ
മഗ്നീയോ വിപ്രയോഗിവ്രജനിധനമഹാ
പാപരാഹുപ്രലീഢഃ
അശ്രാന്തംപക്ഷപാതീ സുഗതമതകൃതാ-
ന്താശ്രിതഃ പാണ്ഡ്യപുണ്യാ-
മിതഥം ദോഷാകരോഽഭ്രദമൃതമയഗവാം
വഷ്കുകഃ കോഽപി ഭ്രപഃ. 21

ധനാശി—ചെമ്പട

കൃതപ്രാതഃകൃത്യമാസ്ഥാനപീഠേ
സത്രാധ്യക്ഷൈർധിസഭൈസ്തസ്ഥിവാംസം
ബദ്ധാഹ്ലാദം പ്രാപ്യ തം പാണ്ഡ്യരാജം
നത്വാ പാദം സോയമൂചേ കളാദഃ 22

തട്ടാൻ:—

പാണ്ഡ്യപതേ!ധനദസദൃശഭൃശഭ്രതേ!ജയജയ—പാണ്ഡ്യ
പതേ!
ചണ്ഡബാഹുദണ്ഡവീര്യ—വൃതമദയുതരിപുരാജ്യതതേ!
ദണ്ഡ്യശംജനദണ്ഡ! ഞാനിത—സദസി
ചെയ്വുബഹുദണ്ഡനമസ്തുതി (പാ)

രണ്ടുമണിമയന്തുപുരം നൃപ—പണ്ടു തന്നതുസാദരം
കൊണ്ടുപോയതിൽമേത്തരം ഭവി—കണ്ടിടാത്തവിധംപരം
വേണ്ടപുതിയപണിത്തരം-വിട കൊണ്ടിണക്കിമഹത്തരം
കണ്ടുകള്ളനമത്തരം-ചതി കൊണ്ടെടുത്തവസത്പരം (പാ)
കട്ടദുഷ്ടനൊടുംവശാൽ മമ പുഷ്ടദിഷ്ടദശാവശാൽ
കിട്ടിയിന്നലെയാച്ചിലമ്പുകം-തുക്കിയേൽക്കുകിനിക്ഷണാൽ
കുറവാളിയെഞാൻതടഞ്ഞവി—ടിട്ടിരിപ്പുനയത്തിനാൽ
വിട്ടിടരുതുവരുത്തിയാ,ലിവൻ—പോട്ടെ,
യെന്നൊരുപേക്ഷയാൽ. (പാ)
പിട്ടചൊല്ലിമയക്കുവാൻവിരു—താക്കുമില്ലവനുള്ളപോൽ
ധാർഷ്ട്യവുംചെറുതല്ല, ദാരുക—നാട്ടിലെ പ്രഭുവാണുപോൽ
വീട്ടിൽവേട്ടവളായവന്നൊരു—കുട്ടിമാന്മിഴിയുണ്ടുപോൽ
ഒട്ടുധന, മവർവാക്കിനാലിതു—വിറ്റു
ചേർപ്പതിനെത്തിപോൽ (പ)

കേദാരഗൌഡം—ചമ്പ.

പാണ്ഡ്യൻ:—

ചരിതമിതുകേട്ടമമ — പൊരുത്തുള്ളിലദ്ഭുതം
ഹരിവരനൊടോചപല—നരികളുടൈകെതവം.(ച)
കഠിനതരശൌടീര്യ്യ — ദ്ധതപെടുമെൻറവക
തൊടുവതിനുപോലുമയി - രുടയവരൊരുങ്ങുമോ! (ച)
അടരിലിടരടയാത്ത—കൊടിയ ഭടവീരരെ-
യുടമയൊടയച്ചവനെ—യുടനടിവരുത്തുവൻ (ച)
വിടുവിടനെവിടുവനോ — ത്ഥടിതികൊന്നവനുടയ-
ചടുലമിഴിയൊടുനാടു—കടിയിവയടക്കണം (ച)

മധ്യമാവതി—ചെമ്പട.

അഥോ നാഥാദേശപ്രതിഭയമരുത്പ്രേരണചലദ്
ഭടൈരഭ്യാബദ്ധാ ജഠരനിഗഡൈർമ്മങ്ക്ഷുപുരതഃ
ഹഠാദാനീതം തം ഭുവനജനനീവത്സലധവം
ക്രൂധാ വ്യാചഷ്ടേവം ഭ്രുകുടിവികടഃ പാണ്ഡ്യനൃപതിഃ 23

പാണ്ഡ്യൻ:—

നന്നനന്നതവനടവടിമൂഢാ!—നിന്ദനീയനരകീടാ!
മന്നിലന്യരൊടെടുത്തിടുമടവുക — ളൊന്നുമിവിടെനമ്മൊ
ടുക്കൂടീടാ. (ന)
മൽപ്രിയതൻമഞ്ജുമഞ്ജീരദ്വയം — കൈക്കലാക്കിനീനി
ർഭയം-
വിൽക്കാൻതുനിഞ്ഞു സന്മയം- ഓക്കിലെത്രയുംവിസ്മയം!
കൂടില,നിൻെറ ധീരത (ന)
എന്തിതുനിനക്കുതോന്നികഷ്ടമേ!—ശിക്ഷതക്കതായ്ക്കി
ട്ടുമേ
ദാക്ഷിണ്യമില്ലിങ്ങൊട്ടുമേ — വിശ്രുതം കൃത്യനിഷ്ഠമേ
കണ്ടുകൊൾകനീശാ! (ന)

ബാഹ്യദേഹംപല്ലവാതിബന്ധുരം-ആന്തരമശ്മനിഷ്ഠുരം
സൃഷ്ടിതാവകമിത്തരം—നാന്നെവിട്ടെന്നാൽദുസ്തരം-
ദുഃഖജലധിമനുജനു (ന)

ഇന്ദിശ—മുറിയടന്ത.

ബാലകൻ:—

പാത്ഥിവേന്ദ്രാ!നീയിതിൻറെ — നാത്യമൊന്നുമറിയാതെ
ക്രൂദ്ധനായീടരുതെന്നി— ലാത്തപാലനാ' (പാ)
തങ്കമണിത്തളകളെൻ-പൈൺകൊടിക്കുള്ളതാണതിൽ
ശങ്കതെല്ലുംതോന്നീടേണ്ടാ—ശങ്കരൻസാക്ഷി. (പാ)
ക്രൂടക്രൂടെക്ഷാമംവന്നു—ക്രീടാവുണ്ടെൻറെനാട്ടിൽ
പീഡമേലതിനാൽജനം—തേടിടായ്വാനായ്. (പാ)
പണ്ടുമതുവിറവുപണം— കൊണ്ടുചെല്ലുവാനെന്നുടെ
കൊണ്ടൽവേണിചൊൽകയാലെ—പാണ്ടിക്കുപോ
ന്നേൻ. (പാ)

നാട്ടുവഴിയിലിന്നലെ—യൊട്ടുവിശ്രമിക്കെയൊരു
തട്ടാൻകണ്ടുവിളിച്ചെന്നെ വീട്ടിൽകൊണ്ടുപോയ്. (പാ)
തത്രചെറുതിരുന്നു,പിന്നെ യിബ്ഭടന്മാരണഞ്ഞെൻറെ
കൈക്കുവിലങ്ങുവെച്ചതു മാത്രമറിയാം. (പാ)

സംഗം—മുറിയടന്ത.

പാണ്ഡ്യൻ:—

ദുഷ്ടചേഷ്ടിത!ചൊന്നതെന്തിഹനീ— യെൻറെമുൻപാകെ -
ക്കഷ്ട! മതു തവകാന്തയുടെവകയോ'
കട്ടനിന്നുടെസാക്ഷി,യസ്ഥിതി—വിട്ടുതെണ്ടിനടന്നനീച
നൊ! (ദു)
ശിഷ്ടജനപരിഹാസ്യനായ് ചുട്ടു-കാട്ടിലങ്ങുകിടന്നിടുംഗതി-
കെട്ടവൻറെദുഷിച്ചനാമം—കേട്ടതേപരമപ്രിയംമമ (ദു)

ശ്രേഷ്ഠനെന്നവരുത്തുവാൻപ്രേട്ട-നാട്യമോടുമനിഷ്ടവാക്കിതു-
മട്ടിലോതിയനിന്നഹമ്മതി ദാർഢ്യമിന്നുശമിക്കുമോക്കുക(ദ്ദ)
ഉൾക്കരുത്തൊടടുക്കുമരിനിര—യൊക്കെയരിവതിനുക്കെഴും
ഭട-
മുഖ്യരേ!ബഹുമുഷ്കനിവനെ-ത്തുക്കിലിട്ടു വധിക്കിനടനടി(ദ്ദ)

സാവേരി—മുറിയടന്ത.

ബാലകൻ:—

നായികേ!—ഹിത—ദായികേ!
ഈയവസ്ഥകളൊന്നും—നീയറിയുന്നില്ലേ! (നായികേ)
വരുമബദ്ധമെന്നന്ന—വളരെഞാൻപറഞ്ഞു
വകവെക്കാതതെല്ലാംനീ—നിരസിച്ചുകളഞ്ഞു
ഒരുരക്ഷയിവിടില്ലാ—തിവനിപ്പോൾവലഞ്ഞു
വരുകവേഗ,മല്ലായ്കിൽ തവകാന്തൻതുലഞ്ഞു. (ന)
ശിവശിവ!കൊലചെയ്യും—സ്ഥലമടുത്തിടുന്നു
ഇവരെന്നെവധിക്കുവാൻ—ദൃതമൊരുമ്പെടുന്നു
ശിവസുതേ യെന്നുനിന്നെ—യിനിഞാൻകണ്ടിടുന്നു!
അവസാനയാത്രനിന്നോ—ടിതചോദിച്ചിടുന്നു. (നാ)

പുന്നാഗവരാളി—ത്രിപട.

ഇത്യുച്ചൈർവിലപതി ബാലകേ സധിരൈ-
സ്തൈർയ്യോധൈരവധി തഥാ യഥാ നിഭേദഃ
ദിഷ്ട്യാസ്മിൻ കതിചിദഭദ്രഭാഗ്യഭാവാൻ
ദൃഷ്ട്വാ/സിസ്യമത പരിഭ്രമേണ ഭദ്രാ. 24

ദേവി:—

ഹതവിധേ!യിതുവിധ-മതിഖേദപ്രദങ്ങളാ-
മശ്രുലക്ഷണങ്ങളെ-ന്തുനാകാണുന്നു!

കതിരവൻപരിവേഷാ-വൃതനായ് മാഴ്കുന്നു,സദാ-
ഗതിഘോരഘോരംനേരേ യെതിരായിവീശീടുന്നു (ഹ)
കനകവിളക്കണഞ്ഞു-കനിയുംതിരെക്കനിഞ്ഞു
അണിമല്ലികാമലരും-മണമറുമങ്ങി
കനലൊളിച്ചിലമ്പുമായ്-ത്തുണയെന്നിയേതിരിച്ചു
കണവനുവിനയേതോ പിണയാനിടയായിതോ!. (ഹ)
അതുതുപോവതിനെന്നു പരവശനായദ്ദേഹ-
മതുളീടുംകേൾക്കാതെഞാൻ-പറഞ്ഞങ്ങയച്ചു
കരുമനവല്ലുപ പ്പുരമശാന്തനണഞ്ഞാൽ
വരനെച്ചതിച്ചാളെന്നായ് വരുംമനിക്കപരാധം (ഹ)
'ശരണംനീയേഞങ്ങടെ-അരുമമകനെ'ന്നെന്നോ-
ടുരചെയ്തതൽപ്പിതാക്കൾ പരപദമാൻ
ഉരുകുന്നിതോക്കവേയെൻ-കരളയ്യോ!ഭവാനെന്തേ
തിരിയെവന്നെത്തീടായ്വാൻ-തിരവതെങ്ങിനിയി
വം (ഹ)

കേദാരഗൌഡം—ചെമ്പട.

അത്രാന്തരേ ഭർതൃകരാങ്ഗുലീയകം
തദ്രക്തസിക്തം പതിതം പുരോഭുവി
ശ്യേനോപനീതം പ്രസമീക്ഷ്യ ശംഭുജാ
സംഭാവ്യ തത്പം ക്ഷുഭിതേത്യബംഭണീത്. 25

ദേവി:—

ഉദ്യതനാംപാണ്ഡ്യൻമമനാഥനെവധിച്ചു
അർദ്ധമാത്രയ്ക്കുമെനിക്കെത്തണമവിടെ
ബദ്ധരോഷമദ്ധൃത്തനെ യുദ്യമധ്യേകൊന്നു
ഭർത്താവിനെത്തോറിദ്ധർമ്മമുദ്ധരിപ്പനിപ്പോൾ. (ഉ)

ഘണ്ടാരം.

ദംഷ്ട്രാദംഭോളിഘഷ്ടോത്ഥിതദഹനകണൌ-
ഘോത്കടജ്വാലമാലാ
ദൃഷ്ട്വാ പ്രക്ഷ്യഃ ക്രോധധ്മാധ്മാപവനകഠിനഘാ-
തേന ബംഭ്രമ്യമാണഃ
ഭേരുഃണ്ഡാച്ചാട്ടഹാസസ്തനിതഘടഘടാഘോ-
ഷഭാഗ് ഭദ്രകാളീ-
സംവർത്താബ്ധോ/ഥ പാണ്ഡ്യപ്രകടഘനപഥ
സ്ഥാനമാതോഢുഡിഷ്ട. 26

പെട്ടെന്നോടിയടുത്തു പാണ്ഡ്യനെ നിലം-
പറിച്ചു ചാമുണ്ഡയ-
ദ്ദുഷ്ടന്തന്നുടെ മാറുകീറിയുയരും ര-
ക്തം കുടിച്ചിട്ടടൻ
'തട്ടാന്നാട്ട്'മുടിച്ചു പോയ്ക്കൊലനിലം-
പ്രാപിച്ചു ഭർത്താവിനെ-
ക്കെട്ടിരിക്കഴുവിന്നിറക്കി വഴിയേ തോ-
റാനൊരുങ്ങീടിനാൾ. 27

മുഖാരി—ചെമ്പട

ഭേജേതരാം സതപ്തനാനൃപം
രൂപം പുനശ്ചാരു നടീവ മായാ
കാന്തം നിജാങ്കോപരിശായയിത്വാ
ചിന്താവിലം സാഥ പുരാ ബ്രുവീതി. 28

ദേവി:—

പ്രണയനിധേ!സപ്തനാ—മണിരങ്ഗമേ!മൽപ്രിയാ!
ഇണയെനീകൈവെടിഞ്ഞോ!

വിധിവഞ്ചിതയായ് നിൻെറ—പതിദേവതയാമിവ –
ളതിദീനംരോദിപ്പതു—ബത!നീകേൾക്കുന്നില്ലയോ! (പ്ര)
ഗതമങ്ങ്ഗല്യയായ്നിത്യ— കദനാബ്ധ്യവത്തിൽമുങ്ങി
മതികെട്ടേറമുഴലും—സ്ഥിതിയിലാക്കിയോ!യെന്നെ. (പ്ര)
പതിതദയാലോ!വിധി—നത,മഹാദേവാ!തവ
സുതയായീടുമെനിക്കി—ന്നിതിനുംസങ്ങ്ഗതിയായോ!. (പ്ര)
കനിവീമകളെപ്പററി—യണുവളവുണ്ടെന്നാകി-
ലനഘനാമെന്നാഥനെ – ക്ഷണമങ്ങുതോററിടണം. (പ്ര)
പതിവ്രതാധമ്മത്തെഞാൻ—സതതംകാത്തവളെങ്കിൽ
മൃതനായിക്കിടക്കുന്ന—പതിയുടൻജീവിക്കണം. (പ്ര)

മോഹനം—മുറിയടന്ത

ഏവം നിഗദ്യ ദുഢധാരണയാ മുഹൂർത്ത –
മാക്രുണിതാക്ഷിയുഗളാ നിഷസാദ ദേവീ
നിദ്രാനിവൃത്ത ഇവ മാരികദാരകോദ്യാ-
ത്തതഥായ താം പ്രിയതമാമവദത്തദാനീം. 29

ബാലകൻ:—

തനുപംഗിമാർമൌലിമാലേ!തവ – ധന്യതപംപാർത്തേ
നിക്കാലേ
നിന്നുടെവൈദവവായ്നിനാലെ—ജനിനവമാണ്ടപോലെ-
യിവനുയിർപൂണ്ടുചാലേയേവം. (ത)
കായ്യംമുഴക്കെഗ്രഹിച്ചോ!വൈര—നിയ്യാതനംനീകഴിച്ചോ?
ചോരർ-ചോരത്തിളപ്പുശമിച്ചോ! ധമ്മ-സൂയ്യാവൃതി
വിലയിച്ചോ?
ആയ്മനഃസരോജംവികസിച്ചോ! സ്ഫാരശോകാന്ധ
തമസംനശിച്ചോ? (ത)

വന്നുമേനിന്നോടുയോഗം-വീണ്ടു—മെന്നുള്ളതോക്കിലെൻ
യോഗം-
ഇനി-സ്സന്നഹൃദയസംവേഗം-പൂരി—തന്നിൽഗമിക്കണം
വേഗം
ചെന്നങ്ങുവാണുസുദുർലഭഭോഗം—നന്നായ്ഭുജിച്ചിടാമുത്സ
വാഭോഗം. (ത)

പൂറനീര—ചെമ്പട

ദേവി—

നിന്നോടുപകചെയ്ത—ദുന്നയന്മാരെയെല്ലാ-
മൊന്നോടെയൊടുക്കിഞാ—നിന്നാടുശ്രുദ്ധമാക്കി.(നി)
കുന്നിച്ചവിത്തംപാണ്ഡ്യൻ—തന്നുടെപത്തനത്തിൽ-
നിന്നങ്ങുകൊണ്ടുപോയി-ബ്ഭണ്ഡാരംനിറയ്ക്കണം നി)
മന്നവനായേതിനും—പോന്നൊരുപുരുഷനെ
നന്ദികലന്നവിടെ—യിന്നുവാഴിച്ചീടണം. (നി)
നന്നല്ലരാജ്യഭാര—സന്നാഹംതവമേലാൽ
മന്നിൻപാലനമാക്കും—ഖിന്നതയ്ക്കുനിദാനം. (നി)
മിന്നൽപോ,ലേതുംനില—നിന്നീടാതേമുറയ്ക്കു-
തോന്നിമായുംഭോഗാശ-സന്യസിപ്പതേസൗഖ്യം (നി)
എന്നതിനാലൊരുങ്ങി—പ്പുണ്യസ്ഥലത്തെങ്ങാനു-
മെന്നുംവസിച്ചീടുക—തന്നെനമുക്കുശ്രുഭം. (നി)

സുരവരനതയാകും ലോകമാതാവിതോതി-
പ്പുരരതിപതികാന്തൻതാനുമായന്നമന്ദം
നിരവധിധനമോടും തൽപ്പുരംപുക്കുപോരം
വിരുതെഴുമൊരുവന്നായ് നൽകിനാടതുദാരം 30

'ധ്യാനംകൊണ്ടുസമ'ച്ചുചെയ്യു ശിവനെ,-
പ്പിള്ളാട്ടു വാസോചിത-
സ്ഥാനംതേടി,യൊടുക്കമ'മ്മിഥുനമാ-
സാ,ദിച്ചു ഖേദംവിനാ
ക്ഷാണിത്തട്ടിൽമഹത്വമേറിയകൊടുങ്ങ-
ല്ലൂരി,ലുല്ലാസമായ്
വാണാരായവർതത്തു,'നല്ലദിവസം' -
നോക്കിസ്വകീയാനുചിതം. 31



ടിപ്പണം

ശൗഭന്മാർ=ദേവന്മാർ. ശൗഭാനിലിമ്പാദ്യുഷദഃ'

അഷ്ടാപദം=കൈലാസം

രുദ്രഥകലാപപാദം=ബാലചന്ദ്രന്റെ രശ്മി, കുഞ്ഞൻ ചട്ടമ്പിയെന്ന വിദ്വാന്റെ പാദമെന്നും.

ദാരദം=സമുദ്രം'.....ദാരദോം/ബുധൗ'.

കാരണപര=കൊല്ലുന്നതിൽ ശ്രദ്ധയുള്ള 'കാരണംഘാതനേഹേതൗ'

നമതൻ=പ്രഭു

ജഗദൻ=അകമ്പടിക്കാരൻ.

ഓങ്കാരം=പ്രാരംഭം

രാഗലത=കാമദേവന്റെ ഭാര്യ. 'രാഗലതാകേളികലാരതിഃ'

മസ്തം=മസ്തകം

ശതനയ=ശിവന്റെ മകൾ.

ജീവിതേശനം=ജീവിതപത്തിന്റെ രക്ഷണം.

ജഗത്=ലോകം, ശരീരം

ചാവി=ബുദ്ധി. 'ബുദ്ധിഃപണ്ഡാവിദാചാവീ'

ബന്ധുരം=മനോഹരം. 'ബന്ധുരം ബന്ധുരഞ്ചാപി'

സുഗത.....കൃതാന്തഃശ്രിതൻ=സുഗതസിദ്ധാന്തം സ്വീകരിച്ചവൻ, നാസ്തികൻ എന്നുസാരം. ശിവനെ ആശ്രയിച്ചവൻ എന്നും, '.....സിദ്ധാന്തോത്തരപക്ഷസമാധയഃ കൃതാന്തഃപൂർവപക്ഷസ്തുചോദ്യം.....'

ദണ്ഡൻ=കാലൻ 'ദണ്ഡഃസൈന്യേദമേയമേ'

ഭേരുണ്ഡ=ഭദ്രയുടെ ഒരു ദാസി, ഭയങ്കരമെന്നും

ആതോഢുഡിണ്ഡ=ഏറ്റവും മറച്ചു.

'ശിതികണ്ഠാതീത്ഥപാദാ' എന്നുതുടങ്ങുന്ന പദം ശിവനേയും അസ്മദ് ഗുരുദേവനായ ബ്രഹ്മശ്രീ നീലകണ്ഠാതീത്ഥപാദസ്വാമികളേയും ശ്ലേഷഭംഗ്യാലക്ഷ്യമാക്കുന്നു.

ലോകം=ഭുവനം, ജനം എന്നും.

ബുധജനം=ദേവന്മാർ, വിദ്വാന്മാർ.

യതിവരഗുരോ!=സനകാദികളുടെ ആചാര്യാ!, സന്യാസിശ്രേഷ്ഠനായ ഗുരുവേ!, യതിവരാ! ഗുരോ! എന്നു വ്യസ്തമായിട്ടുമാകാം.

കാമമഥനൻ=കാമദേവനെ ഹനിച്ചവൻ, കാമാദിവൃത്തികൾഅടക്കിയവൻ

സദ്ഗണം=സത്തുകളായഗുണങ്ങൾ, സജ്ജനക്കൂട്ടം.

കുണ്ഡലി=സർപ്പം, കുണ്ഡലിനിയെന്ന ശക്തിവിശേഷം.

ശിവയോഗി.....പരായണാ!=ശിവാ!, യോഗികളുടെ പാപ പരിഹരണത്തിൽ ജാഗരൂകാ!, ആലത്തൂർ 'ശിവയോഗി' യെന്ന 'ബ്രഹ്മാനന്ദ'ന്റെ അപസിദ്ധാന്തഗ്രന്ഥങ്ങളുടെ ഖണ്ഡനത്തിൽ ഉത്സുകാ! ശേഷം സ്പഷ്ടം.

3807

